63 (207) ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകരുടെ ശമ്പളം

ശ്രീ. ഇ.എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ അദ്ധ്യാപകർക്ക് ശമ്പളം കിട്ടാത്തതിനാൽ ഉളവായിട്ടുള്ള പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ശമ്പളം നൽകുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അവ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഡി) ഇവരുടെ ശമ്പള ബില്ലുകൾ ഡി.ഇ.ഒ.മാർ പാസ്സാക്കി കൊടുക്കാത്തതെന്താണ്;

(ഇ) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(എഫ്) ഹയർ സെക്കണ്ടറി സ്കൂളിന്റെ ജോലികൾ ചെയ്യുന്ന ഡി.ഇ.ഒ. മാർ മിനിസ്റ്റീരിയൽ ജീവനക്കാർ തുടങ്ങിവർക്ക് സ്പെഷ്യൽ അലവൻസ് നൽകാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ജി) ഇതുമൂലം ഹയർ സെക്കണ്ടറി സ്കൂളിന്റെ ഫയലുകൾ അനാവശ്യമായി വച്ചുതാമസിപ്പിക്കുന്നതായി സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എച്ച്) ഇതിനെതിരായി എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്;

(ഐ) എയ്ഡഡ് സ്കൂളുകളിലെ ഹെഡ്മാസ്റ്റർമാരെ ഡ്രോയിംഗ് ആഫീസർമാരാക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

(സി) എല്ലാ സ്കൂളുകളിലെയും നിയമനം പരിശോധിച്ച് ശമ്പളം നൽകാൻ ആവശ്യമായ അംഗീകാരം നൽകി വരുന്നു.

(ഡി) മേൽപ്പറഞ്ഞ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

(ഇ) നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) ഈ വർഷം മുതലാണ് ഡി.ഇ.ഒ. ഓഫീസുകളിൽ ഈ ജോലി വ്യാപകമായി ചെയ്യേണ്ടി വന്നിട്ടുള്ളത്. അധിക ജോലിഭാരത്തിന്റെ അടിസ്ഥാനത്തിൽ സ്പെഷ്യൽ അലവൻസ് നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ജി) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(എച്ച്) ബില്ലുകൾ അനാവശ്യമായി വച്ചുതാമസിപ്പിക്കുന്നവർക്കെതിരെ കർശനനടപടി കൈക്കൊള്ളുന്നതാണെന്നും ആയതിനാൽ ബില്ലുകൾ പാസ്സാക്കുന്നതിന് ആവശ്യമായ നടപടികൾ കൈക്കൊള്ളുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഐ) ഈ നിർദ്ദേശം വീണ്ടും പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly